# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:526 | 29.05.2019 ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ.പി.കെ.ശശി

**മറുപടി**

ഡോ.ടി.എം.തോമസ് ഐസക്

ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

## ഗ്രാമീണ റോഡുകൾ

| | |
|---|---|
| **എ)** സംസ്ഥാനത്തെ ഗ്രാമീണ റോഡുകളുടെ നിലവാരം ഉയർത്തുന്നതിലേയ്ക്കായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഗ്രാമീണ റോഡുകൾ നവീകരിക്കുന്നതിനായുള്ള ബജറ്റ് വിഹിതം വർദ്ധിപ്പിക്കുമോ; | സംസ്ഥാനത്തെ ഗ്രാമീണ റോഡുകളുടെ നിലവാരം ഉയർത്തുന്നതിലേയ്ക്കും നവീകരണത്തിനുമായി പ്രധാനമന്ത്രി ഗ്രാമ സഡക് യോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കീഴിൽ അധിക സംസ്ഥാനവിഹിതമായി 50 കോടി രൂപ 2019-20 ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശ സർക്കാരുകളുടെ ഉടമസ്ഥതയിലുള്ള ഗ്രാമീണ റോഡുകളുടെ സംരക്ഷണത്തിനായി, അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ 1578.39 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇത് 2018-19 ലെ ബജറ്റ് വിഹിതത്തെക്കാൾ 228.74 കോടി രൂപ കൂടുതലാണ്. |
| **ബി)** ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് ഓരോ മണ്ഡലത്തിനും പ്രത്യേക ഫണ്ട് അനുവദിക്കുമോ? | ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് മണ്ഡലാടിസ്ഥാനത്തിൽ പ്രത്യേക ഫണ്ട് പരിഗണനയിലില്ല. |

അക്കൗണ്ട്സ് ഓഫീസർ